**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3424** **01-03-2023 - ൽ മറുപടിയ്ക്ക്**

**പാണ്ഡവൻപാറ കേന്ദ്രമാക്കി അമിനിറ്റി സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ പാണ്ഡവൻപാറ കേന്ദ്രമാക്കി ചരിത്ര വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന തരത്തിൽ ഒരു അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | പാണ്ഡവൻപാറയിലെ ടൂറിസം വികസനം സംബന്ധിച്ച് ബഹു.എം.എൽ.എ ശ്രീ.സി.കെ. ഹരീന്ദ്രന്റെ അദ്ധ്യക്ഷതയിൽ 16.02.2022-ന് ഒരു യോഗം ചേരുകയുണ്ടായി. ഇതിൽ പുരാവസ്തു വകുപ്പിലെയും ടൂറിസം വകുപ്പിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ സ്മാരകത്തിലേക്ക് എത്തിച്ചേരുന്നതിനുള്ള വഴിയുടെ സജ്ജീകരണം, സന്ദർശകർക്ക് ആവശ്യമായ സൗകര്യമൊരുക്കൽ എന്നിവയ്ക്കായി വിശദമായി പഠനം നടത്തി രൂപരേഖ തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പിനെയും, പാണ്ഡവൻപാറയുടെ ഭൂപരമായ പ്രത്യേകതകൾ, രൂപീകരണം, ധാതുഘടന, സന്ദർശക വാഹകശേഷി എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജിയോളജി വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് പുരാവസ്തു വകുപ്പിനെയും ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി ടൂറിസം സാധ്യത വിലയിരുത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പാണ്ഡവൻപാറയെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ; | (ബി) | പാണ്ഡവൻപാറയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും സ്മാരകത്തോട് ചേർന്നുള്ള അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനും സിവിൽ പോലീസ് ഉദ്യോഗസ്ഥരെ അന്യത്രസേവന വ്യവസ്ഥയിൽ ഇവിടെ നിയോഗിച്ചിട്ടുണ്ട്. |
| (സി) | പാറശാല മണ്ഡലത്തിലെ വെള്ളറട, കുന്നത്തുകാൽ ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന പൂങ്കോട്ട് പാറയെ സംരക്ഷിത മേഖലയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ